പള്ളിയിലും പോയി.

ചെന്നൈയിലെ ക്രിസ്തുമസ് ആഘോഷങ്ങളിൽ ബീച്ചും അവിടുത്തെ ചർച്ചും ഉൾപ്പെടുമ്പോൾ അത് ശരിക്കും ഒരു സിനിമാറ്റിക് അനുഭവം തന്നെയായിരുന്നു. തിരമാലയുടെ താളവും, പ്രാർത്ഥനാനിർഭരമായ അന്തരീക്ഷവും ചേർന്ന ആ നിമിഷങ്ങളും, കടൽ കാറ്റേറ്റുള്ള ആ യാത്ര ഞങ്ങളുടെ ക്രിസ്തുമസിനെ കൂടുതൽ വർണ്ണാഭമാക്കി.

കനലിൽ ചുട്ടെടുത്ത ചോളത്തിൽ ഉപ്പും മുളകും നാരങ്ങാനീരും പുരട്ടി കഴിച്ചപ്പോൾ ഉണ്ടായ രുചി അപാരമായിരുന്നു. അതിന്റെ കൂടെ ചുട്ടെടുത്ത ബേബി പൊട്ടറ്റോ ഫ്രൈയും (യമയ്യ ുീമേീ ള്യ്യ), മസാല പുരട്ടി എണ്ണയിൽ വറുത്തെടുത്ത ഫിഷ് ഫ്രൈയും (ളശവെ ള്യ്യ) കഴിച്ച്, ഇടയ്ക്കിടെ അടിക്കുന്ന തണുത്ത കടൽക്കാറ്റുമേറ്റപ്പോൾ ആ അനുഭവം കൂടുതൽ മനോഹരമാക്കി.



ബീച്ചിലെ ബഹളങ്ങളിൽ നിന്ന് മാറി പള്ളിക്കുള്ളിലെ ആ ശാന്തമായ അന്തരീക്ഷം മനസ്സിൽ വലിയൊരു ആശ്വാസം നൽകി. പള്ളിമുറ്റം മുഴുവൻ മിന്നിത്തിളങ്ങുന്ന അലങ്കാരദീപങ്ങളാൽ നിറഞ്ഞിരുന്നു. മനോഹരമായി ഒരുക്കിയ പുൽക്കൂടും, യേശുക്രിസ്തുവിന്റെ ജനനത്തെ അനുസ്മരിപ്പിക്കുന്ന വിഗ്രഹങ്ങളും കണ്ടപ്പോൾ മനസ്സിൽ ഭക്തിയും സന്തോഷവും നിറഞ്ഞു.

കുറച്ചുനേരം ഇരുന്ന് പ്രാർത്ഥിച്ചപ്പോൾ ആ ക്രിസ്തുമസ് ദിനം പൂർണ്ണമായതുപോലെ തോന്നി. രുചികരമായ ഭക്ഷണവും മനസ്സിന് കുളിർമ നൽകിയ പ്രാർത്ഥനയും ചേർന്ന ആ ബസന്റ് നഗർ (ആലമൈേ ചമഴമ്യ) യാത്ര ഞങ്ങളുടെ ഹോസ്റ്റൽ ജീവിതത്തിലെ ഏറ്റവും മനോഹരമായ നിമിഷമായിരുന്നു.

ഭയാനകമായ പ്രതിസന്ധി

ചെന്നൈയുടെ ചൂടും തിരക്കും അറിഞ്ഞു തുടങ്ങിയ ദിവസമായിരുന്നു അത്. ഇൻഡസ്ട്രിയൽ വിസിറ്റും കഴിഞ്ഞ് തളർന്നു വരുന്ന വഴി ഞങ്ങൾ കണ്ട കാഴ്ച ഭയാനകമായിരുന്നു. ജീവിതത്തിൽ ഇതുപോലൊരു അവസ്ഥ ഞങ്ങൾ അനുഭവിച്ചിട്ടില്ലായിരുന്നു.

ഹോസ്റ്റലിലേക്ക് മടങ്ങുമ്പോൾ കുറച്ചുനേരത്തെ വിശ്രമവും കൂട്ടുകാരൊത്തുള്ള വർത്തമാനങ്ങളും ആയിരുന്നു മനസ്സിൽ ഉണ്ടായിരുന്നത്. പക്ഷെ പോരൂരിലെ ആ തെരുവിലേക്ക് എത്തിയപ്പോൾ കണ്ട കാഴ്ച ഞങ്ങളെ തളർത്തിക്കളഞ്ഞു.

ഭയത്തിന്റെ നിഴലിൽ നിന്നുകൊണ്ട് ദൂരക്കാഴ്ചയിൽ മണ്ണുമാന്തിയന്ത്രങ്ങളുടെ (ഖഇആ) ഇരമ്പലും ആളുകളുടെ ബഹളവും കേൾക്കാമായിരുന്നു. ഞങ്ങൾ താമസിക്കുന്ന വാനവില്ല് ഹോസ്റ്റലിന് മുന്നിൽ പോലീസ് കാവലും ആൾക്കൂട്ടവും കണ്ടപ്പോൾ നെഞ്ചിടിപ്പ് കൂടി വന്നു. മനസ്സിൽ ഒരു തിരമാല പോലെ അടിച്ചു കയറിയത് ഇനി എവിടേക്ക് പോകും എന്ന ചിന്തയായിരുന്നു. കെട്ടിടം ഭാഗികമായി തകർന്നിരുന്നു, എന്നാൽ സാധന സാമഗ്രികൾ നശിച്ചുപോയിരുന്നില്ല. എന്റെ ബാഗ്, ഫോൺ, വസ്ത്രങ്ങൾ... ഓരോരുത്തരും പരസ്പരം നോക്കി. അവിടെ കണ്ടത് വെറുമൊരു കല്ലും മണ്ണും മാത്രമായിരുന്നില്ല, ഞങ്ങളുടെ സുരക്ഷിതത്വമായിരുന്നു തകർന്നു വീണത്.

അപരിചിതമായ ഒരു നഗരത്തിൽ, പെട്ടെന്നൊരു വൈകുന്നേരം തലചായ്ക്കാൻ ഒരിടമില്ലാതെ തെരുവിലായ ആ നിമിഷം ഉണ്ടായ ഭയം പറഞ്ഞറിയിക്കാൻ ആവാത്തതാണ്. എന്ത് ചെയ്യണം, എങ്ങോട്ട് പോകണം എന്നറിയാത്ത നിസ്സഹായതയും, ഹോസ്റ്റലിലെ മുറികളിൽ പങ്കുവെച്ച ചിരിയും തമാശകളും വെറുമൊരു കാഴ്ച കൊണ്ട് ഇല്ലാതായല്ലോ എന്നോർത്തപ്പോൾ കണ്ണുകൾ നിറഞ്ഞു. ഒരു സൂചനയും ലഭിക്കാത്തതിനാലാണ് ഞങ്ങൾ ഈ കാഴ്ചകൾ കാണേണ്ടി വന്നത്. സർക്കാർ തീരുമാനപ്രകാരം കെട്ടിടം പൊളിക്കുകയായിരുന്നു. ജീവിതത്തിൽ ആദ്യമായി കാണുന്ന നഗരം, വീട്ടിൽ വിളിച്ചു കഴിഞ്ഞാൽ അവർ ഭയപ്പെടുമെന്ന ചിന്ത, പെട്ടെന്നുള്ള അറിയിപ്പായതിനാൽ ആരെയും വിളിക്കാൻ പറ്റാത്ത അവസ്ഥ, സമയം ഇരുട്ടാകുന്നു എന്നീ ചിന്തകൾ ഞങ്ങളെ അലട്ടിയിരുന്നു.

പിന്നീട് ഞങ്ങളുടെ മുറിയിലുണ്ടായിരുന്ന അക്കമാരുടെ (ചേച്ചിമാരുടെ) സഹായത്താൽ വാനവില്ല് ഹോസ്റ്റലിന്റെ മറ്റൊരു ബ്രാഞ്ചിലേക്ക് കൊണ്ടുപോകുകയും, അവിടെ സുരക്ഷിതമായൊരു മുറി കിട്ടുകയും ചെയ്തപ്പോഴാണ് ഞങ്ങൾക്ക് ജീവൻ തിരിച്ചു കിട്ടിയത്. വീട്ടുകാരുടെ ടെൻഷനും (ഠലിശെീി) ചെറുതായിരുന്നില്ല. നഗരത്തിൽ ഇന്റേൺഷിപ്പ് ചെയ്യാൻ പോയതുകൊണ്ടും ഇങ്ങനെയൊരു ഭയാനകമായ അവസ്ഥ നേരിട്ടതുകൊണ്ടും വീട്ടിൽ നിന്ന് കുറെ വഴക്കുകളും സങ്കടങ്ങളും കേൾക്കേണ്ടി വന്നു. ഈ ഒരു പ്രതിസന്ധിയിലാണ് ഞങ്ങൾക്കിടയിലെ സൗഹൃദം എത്രത്തോളം ദൃഢമാണെന്ന് മനസ്സിലാക്കിയത്. ആ ഭയത്തിനിടയിലും ഞങ്ങൾ നാലു പേരും പരസ്പരം കൈകൾ ചേർത്തു പിടിക്കുകയും തളരാതെ നിൽ

ക്കുകയും ചെയ്തു.

പുതുവർഷവും യാത്രകളും

2026 പുതുവർഷത്തിന്റെ നിറവിൽ ഞങ്ങൾ നാലു പേരും പുത്തൻ വസ്ത്രങ്ങൾ അണിഞ്ഞ് വർഷത്തിന്റെ ആരംഭത്തിൽ പങ്കുചേർന്നു. ചെന്നൈ നഗരം പുതുവർഷത്തിന്റെ ലഹരിയിലായിരുന്നു.

ചെന്നൈയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വടപളനി ക്ഷേത്രവും അതിൽ വാണരുളുന്ന മുരുക പെരുമാളും ഭക്തർക്ക് അനുഗ്രഹം നൽകുന്നു. പുതുവർഷത്തിൽ ഈ പുണ്യ ക്ഷേത്രത്തിലെ ഭക്തിസാന്ദ്രമായ കാഴ്ചകൾ കാണാൻ ഞങ്ങൾ നാലു പേരും എത്തിയിരുന്നു. വടപളനി കോവിലിലെത്തിയപ്പോൾ അവിടെ ജനങ്ങളുടെ വലിയ തിരക്കുണ്ടായിരുന്നു.

തൊഴുതിറങ്ങിയതിനു ശേഷം ആ തിരക്കിനിടയിൽ വെച്ച് ഞങ്ങൾ അപ്രതീക്ഷിതമായി കൂട്ടം തെറ്റുകയും കാണാതെ പോയപ്പോൾ ഉണ്ടായ പരിഭ്രമം ഇപ്പോഴും ഓർക്കുന്നുണ്ട്. ഫോൺ വിളിച്ചും വഴി ചോദിച്ചും എല്ലാവരെയും കണ്ടുമുട്ടിയപ്പോൾ ഉണ്ടായ ആശ്വാസം ആ പുതുവർഷാഘോഷത്തിന്റെ മാറ്റുകൂട്ടി.

അതിനു ശേഷം കൂട്ടുകാരിയുടെ വീട്ടിലേക്കുള്ള യാത്രയായിരുന്നു ഏറ്റവും സന്തോഷകരമായത്. അവിടെ ഞങ്ങളെ വരവേറ്റത് ചിറ്റപ്പനും ചിറ്റയും പാട്ടിയും (മുതിർന്ന അമ്മ) അടങ്ങുന്ന കുടുംബാംഗങ്ങളായിരുന്നു. അവരുടെ ആദരവ് ഞങ്ങളുടെ മനസ്സിനെ കൂടുതൽ സ്വാധീനിച്ചു. അവരോടൊപ്പം ഇരുന്ന് പുതുവർഷത്തിന്റെ നിറവിൽ അവരുണ്ടാക്കിയ ആഹാരങ്ങളും സ്നേഹത്തോടെയുള്ള പെരുമാറ്റങ്ങളും ഞങ്ങൾക്ക് വല്ലാത്തൊരു സന്തോഷമുണ്ടാക്കി.

നിലത്തിരുന്ന് ആഹാരം കഴിക്കുന്നത് അവിടുത്തെ ഒരു രീതിയും വിശ്വാസവുമാണെന്ന് മനസ്സിലാക്കുകയും ആഹാരം കഴിച്ചപ്പോൾ ഉണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ ആവാത്തതുമായിരുന്നു. പിന്നീട് പുതുവർഷത്തിന്റെ ഭാഗമായി പാട്ടിയുടെ അനുഗ്രഹം മേടിക്കാൻ നിന്നു. മുതിർന്ന അമ്മമാരും പാട്ടിമാരും നൽകുന്ന അനുഗ്രഹം വാക്കുകളിൽ ഒതുങ്ങുന്നതല്ല. അത് വലിയൊരു സ്നേഹത്തിന്റെയും പാരമ്പര്യത്തിന്റെയും കരുതലിന്റെയും പ്രവാഹമാണ്.

പാട്ടിമാർക്ക് മുൻപിൽ താണുവണങ്ങുന്നതാണ് അവിടുത്തെ പ്രധാന രീതി. അമ്പലത്തിൽ നിന്ന് ലഭിച്ച വിഭൂതി (തിരുനീർ) ഞങ്ങളുടെ നെറ്റിയിൽ മെല്ലെ തൊടുവിക്കുകയും കൈകളിൽ നൽകുകയും ചെയ്തു. കൈനീട്ടമായി പണം നൽകി അനുഗ്രഹിച്ചപ്പോൾ ഒരു പ്രത്യേക പോസിറ്റീവ് എനർജി (ൃീശെശേ്ല ലിലൃഴ്യ) ലഭിച്ചതുപോലെ തോന്നി. അവിടുത്തെ ആചാരങ്ങളും രീതികളും നമ്മുടേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. പൂമുഖത്ത് ഇട്ടിരുന്ന മനോഹരമായ കോലവും വീടിനുള്ളിലെ ആചാരപരമായ ക്രമീകരണങ്ങളും തമിഴ് തനിമ വിളിച്ചോതുന്നതായിരുന്നു.

പിന്നീട് പതിവുപോലെ ഇൻഡസ്ട്രിയിൽ പോയി വരുകയും ഓഡിറ്റ് (അൗറശേ) സമയങ്ങളിലെ അവധിയെ തുടർന്ന് കുറെ കാഴ്ചകൾ കാണാനും പല ക്ഷേത്രങ്ങളിലും ദേവാലയങ്ങളിലും പോയിക്കൊണ്ടിരുന്നു ഞങ്ങൾ നാലുപേരും.

ട്രെയിൻ യാത്രയിലെ അബദ്ധം

അങ്ങനെയിരിക്കെ, ചെന്നൈയിലെ തിരക്കേറിയ ഒരു ഉച്ചനേരം വടപളനി എന്ന സ്ഥലത്തു നിന്ന് ഗിണ്ടി (ഏൗശിര്യ) എന്ന സ്ഥലത്തേക്ക് ബന്ധുവിന്റെ വീട്ടിൽ പോകാനായി ഞങ്ങൾ നാലു പേരും സ്റ്റേഷനിലേക്ക് ഓടിക്കയറി.

കയ്യിലുള്ളത് സാധാരണ സെക്കൻഡ് ക്ലാസ്സ് ടിക്കറ്റാണെന്ന ബോധം പോലുമില്ലാതെ മുന്നിൽ വന്നു നിന്ന ട്രെയിനിന്റെ ഫസ്റ്റ് ക്ലാസ്സ് കോച്ചിലേക്ക് ഒരു ആവേശത്തിന് ഞങ്ങൾ കയറി. അകത്ത് കയറിയപ്പോൾ നല്ല കുഷ്യൻ സീറ്റുകളും അധികം തിരക്കില്ലാത്ത അന്തരീക്ഷവും കണ്ട് ' ഇതാണല്ലോ ശരിക്കുള്ള യാത്ര, എന്ത് രസമാടി കാണാൻ' എന്നൊക്കെ പറഞ്ഞ് പുറത്തെ കാഴ്ചകൾ ആസ്വദിക്കാൻ തുടങ്ങി.

പക്ഷെ, ആ ആസ്വാദനത്തിന് അധികം ആയുസ്സുണ്ടായിരുന്നില്ല. ടി.ടി.ആർ (ഠഠഞ) എന്ന വില്ലൻ ദൂരെ നിന്ന് വരുന്നത് കണ്ടപ്പോൾ നെഞ്ചിടിപ്പ് നിലച്ചു. സെക്കൻഡ് ക്ലാസ്സ് ടിക്കറ്റും ഫസ്റ്റ് ക്ലാസ്സിലെ രാജകീയ ഇരിപ്പും! ടി.ടി.ആർ ഓരോരുത്തരുടെയും ടിക്കറ്റ് പരിശോധിച്ചു വരികയാണ്. പിടിക്കപ്പെട്ടാൽ കിട്ടാൻ പോകുന്ന പിഴയേക്കാളും പേടിപ്പിച്ചത് തമിഴിലുള്ള ആശകാരം കേൾക്കേണ്ടി വരുമല്ലോ എന്നതായിരുന്നു. ഞങ്ങൾ നാലു പേരുടെയും നെഞ്ചിടിപ്പ് കൂടി, നെ



റ്റിയിൽ വിയർപ്പൊട്ടി.

ഓരോ നിമിഷവും അദ്ദേഹം അടുത്തേക്ക് വന്നു കൊണ്ടിരുന്നു. 'ഇനി എന്ത് ചെയ്യും?' എന്ന് പകച്ചു നിന്ന നിമിഷം ഭാഗ്യം തുണച്ചു. ടി.ടി.ആർ ഞങ്ങളുടെ സീറ്റിന് തൊട്ടടുത്ത് എത്തുന്നതിന് മുമ്പ് തന്നെ ഞങ്ങൾ ഇറങ്ങേണ്ട പ്ലാറ്റ്ഫോമിൽ എത്തിയിരുന്നു. ഞങ്ങൾ പുറത്തേക്ക് ഇറങ്ങിയപ്പോൾ കിട്ടിയ ആശ്വാസം വാക്കുകൾക്ക് അതീതമാണ്.

അന്നുണ്ടായ ആ ഒരു പ്രതിസന്ധിഘട്ടം ഞങ്ങൾക്ക് മറക്കാൻ കഴിഞ്ഞിരുന്നില്ല. ആദ്യമായി ട്രെയിനിൽ കയറിയതിലെ ആ അബദ്ധങ്ങൾ ഞങ്ങൾ ഇന്നും സ്മരിക്കുന്നു.

പൊങ്കൽ അവധിക്കാലവും മടക്കയാത്രയും



തമിഴ്നാടിന്റെ സാംസ്കാരികത വിളിച്ചോതുന്ന ഏറ്റവും വലിയ ഉത്സവമാണല്ലോ പൊങ്കൽ. ചെന്നൈ നഗരത്തിൽ ഇത് വളരെ ആവേശത്തോടെയാണ് ആഘോഷിക്കപ്പെടുന്നത്. ഭോഗി പൊങ്കൽ, തൈ പൊങ്കൽ, മാട്ടുപ്പൊങ്കൽ ആഘോഷങ്ങൾ തുടങ്ങുന്നതിന് ദിവസങ്ങൾക്ക് മുൻപ തന്നെ ചെന്നൈ നഗരം ഉണരും.

അഞ്ച് ദിവസത്തെ പൊങ്കൽ അവധിക്കാലം, ഹോസ്റ്റലിലെ തിരക്കുകളിൽ നിന്ന് ഒഴിഞ്ഞ് കടകളെല്ലാം അടഞ്ഞുകിടക്കുന്ന ആ നിശബ്ദതയിൽ ചിറ്റപ്പന്റെ വീട്ടിലേക്ക് പോയത് വലിയൊരു ആശ്വാസമായിരുന്നു. നഗരം മുഴുവൻ അവധിയിൽ അമർന്നപ്പോൾ ഹോസ്റ്റലിലെ ഏകാന്തതയിൽ നിന്നും ചിറ്റപ്പന്റെ വീട്ടിലേക്കുള്ള ആ യാത്ര ശരിക്കും സ്നേഹത്തിന്റെ ഒരു അനുഭവമായിരുന്നു.

സ്നേഹത്തിന്റെയും സൽക്കാരത്തിന്റെയും അഞ്ച് ദിവസങ്ങൾ! വാഴയിലയിൽ വിളമ്പിയ വെൺപൊങ്കലും നെയ്യിന്റെ മണമുള്ള ചക്കരപ്പൊങ്കലും, കൂടെ എരിവുള്ള സാമ്പാറും ചമ്മന്തിയും... തനി തമിഴ് ശൈലിയിലുള്ള വിഭവങ്ങളുടെ രുചി നാവിൽ ഇന്നും ബാക്കി നിൽക്കുന്നുണ്ട്. ഓരോ ഉരുളയിലും ആ വീട്ടുകാരുടെ സ്നേഹം കൂടി ചേർന്നപ്പോൾ അതിന് മാറ്റ് കൂട്ടി.

മൺപാത്രത്തിൽ പാലും തിളപ്പിച്ച് മുറ്റത്തെ കോലങ്ങളും ഒരുക്കി, പാൽ തിളച്ചു തൂകുമ്പോൾ ഉയരുന്ന പൊങ്കലോ പൊങ്കൽ' വിളികളും ആ നാടിന്റെ ആചാരങ്ങളെ പരിചയപ്പെടുത്തി. ഇതെല്ലാം ബന്ധുക്കൾക്കൊപ്പം ചെലവഴിച്ചു. ഒന്നിച്ചിരുന്ന് കഴിക്കുകയും വർത്തമാനങ്ങൾ പറഞ്ഞും പുതിയ രുചികൾ അറിഞ്ഞും തമിഴ്നാടിന്റെ ആതിഥേയത്വം അനുഭവിച്ചതും എല്ലാം കൂടിച്ചേർന്നപ്പോൾ അതൊരു വെറും അവധിക്കാലമല്ലാതായി മാറി.

ആ പൊങ്കൽ ദിവസം ഭക്ഷണം നൽകിയതിനുശേഷം അവർ ഞങ്ങളെ മുറിയിലേക്ക് വിളിച്ചു. ശരിക്കും ഹൃദയം നിറയ്ക്കുന്ന ഒരു കാഴ്ചയായിരുന്നു അത്. സ്വന്തം മക്കളെപ്പോലെ ഒരമ്മ ഒരുക്കിവെച്ച ആ സർ+=!പ്രൈസ് വർണ്ണിക്കാൻ വാക്കുകൾ തികയില്ല. വാതിൽ തുറന്ന് അകത്ത് കയറിയപ്പോൾ കട്ടിലിൽ നിരത്തിവെച്ചിരുന്ന ആ കാഴ്ച ശരിക്കും അവിശ്വസനീയമായിരുന്നു. പല നിറങ്ങളിൽ തിളങ്ങുന്ന നാല് സാരികൾ! ആ മുറിയിലാകെ ഒരു ഉത്സവപ്രതീതി പടർത്താൻ ആ വസ്ത്രങ്ങൾക്കായി.

ഒട്ടും പ്രതീക്ഷിക്കാതെ കിട്ടിയ ആ സ്നേഹസമ്മാനം കണ്ടപ്പോൾ സന്തോഷം കൊണ്ട് കണ്ണുകൾ വിടർന്നിരുന്നു. വെറുമൊരു സാരി മാത്രമല്ല, അതിന് ഇണങ്ങുന്ന വളകളും അവർ കരുതിയിരുന്നു. ഓരോരുത്തരുടെയും ഇഷ്ടങ്ങൾ അറിഞ്ഞ് ചെറിയ കാര്യങ്ങളിൽ പോലും ആ അമ്മ കാണിച്ച ശ്രദ്ധയാണ് ആ സമ്മാനത്തെ ഇത്രമേൽ പ്രിയപ്പെട്ടതാക്കിയത്.

പൂജ കഴിഞ്ഞു കിട്ടുന്ന പുണ്യമായ ആ നൂറു രൂപ കൈനീട്ടം കൈകളിലേക്ക് എത്തിയപ്പോൾ അത് വെറുമൊരു പണമല്ല, മറിച്ച് മുതിർന്ന ഒരാളുടെ അനുഗ്രഹമായിരുന്നു. തമിഴ് സംസ്കാരത്തിന്റെ നന്മയും ആതിഥ്യമര്യാദയും അഞ്ചു ദിവസങ്ങളിൽ നോട്ടിനേക്കാൾ മൂല്യമുള്ള ഓർമ്മകളായി മനസ്സിൽ പതിഞ്ഞു. തലയിൽ പൂ വെച്ചുതരികയും ചെയ്ത അവർക്കിടയിൽ സാരിയുടുത്ത് ഞങ്ങളും സന്തോഷിച്ചു.

അങ്ങനെ ഞങ്ങളുടെ ചെന്നൈയിലെ ഒരു മാസത്തെ ഇൻഡസ്ട്രിയൽ വിസിറ്റ് മറക്കാനാവാത്ത അനുഭവമായി മാറി. പ്രൊഡക്ഷൻ യൂണിറ്റിലെ ജോലികൾക്കൊപ്പം അവിടെയുള്ള സ്റ്റാഫുകളുമായും തമിഴ് കോളേജുകളിൽ നിന്നുള്ളവരുമായും സുഹൃത്തുക്കളായി. കളിയും ചിരിയും കഥകളുമായി കടന്നുപോയ ആ ദിവസങ്ങൾ സർട്ടിഫിക്കറ്റുകളിലും ഫോട്ടോകളിലും ഒതുങ്ങാത്ത അത്രയും വലിയ ഓർമ്മകളായി മാറി.

നല്ല യാത്രകൾക്കും നല്ല അനുഭവങ്ങൾക്കുമിടയിൽ അവിടെയുള്ള നല്ല മനുഷ്യരുമായുള്ള ഇടപെടലും എല്ലാവരുമൊത്ത് എന്നും ഓർക്കാൻ കുറച്ചു നല്ല നിമിഷങ്ങൾ സമ്മാനിച്ചുമാണ് ഞങ്ങളുടെ യാത്ര അവസാനിച്ചത്.

Ashtamy K Ajith
Stefy R
Abhinaya K
Mahalakshmi M
7th Sem B.pharm

താതൻ

തണലായി നിന്നിരുന്ന
താങ്ങായി നിന്നിരുന്ന
താത നീ എന്നിൽ നിന്നും അകന്നു പോയി
തളരാൻ പോയിരുന്ന വേളയിൽ
കുഞ്ഞേ എന്ന വിളിയുമായി
കൂടെയിരുന്ന് കാവലാൾ
മറഞ്ഞുപോയി

പിച്ചവെച്ച കാലം മുതൽ
പാതകൾ ഇടറാതെ താങ്ങായി നിന്നിരുന്ന താത
ൻ മറഞ്ഞു പോയി

ഇനിയുമാ വിളിയൊന്നും കേൾക്കാൻ
ഇനിയുമ കരങ്ങളിൽ ചേർത്തു പിടിക്കാൻ
മിഴികളിൽ അടരുന്ന അശ്രുക്കൾ തുടയ്ക്കാൻ
മനമൊന്നു പിടയുമ്പോൾ ചേർത്തുപിടിക്കാൻ
തരുമോ നാഥാ എൻറെ താതനെ

കൂടെ ആരുമില്ല
കൂട്ടിനാരുമില്ല
തരുമോ നാഥാ എൻറെ താതനെ
വരുമോ താത നീ വീണ്ടും
കുഞ്ഞേയെന്ന വിളിക്കായി
കാത്തിരിക്കുന്ന മക്കളുടെ ദുഖം നീ കാണു
ന്നുവോ നാഥാ



Ramyamol R
1st year D.Pharm

Poem 1: നീതി

ധരണിയും ധാർഷ്ട്യം വെടിഞ്ഞിട്ടുന്നു.
ധനികരോ ശിരസ്സും ഉയർത്തിടുന്നു.
കൊത്താതെ ബാക്കി വച്ചീടുന്നു
നിശ്ചല മേനിയും ശൂന്യമായിടുന്നു.
വിധിക്കേട്ട് നിൽക്കാൻ കഴിയാതെ അർക്കനോ
ഇരുൾച്ചക്കുളിനുള്ളിലാളിക്കുന്നു.

Poem 2: അനീതി

വന്മതിൽ തട തീർത്തിടും
കലികാലമൊന്നുണ്ട്
ഭിതി തീർത്ത് ഭരിക്കുവാൻ
തലമാറി വരവുണ്ട്
പൊരുതണം പടപൊളിലല്ല
മഷി ചുരത്തിടണം
തടയണം
അനീതിബോധം
മർത്യമനസ്സുകളിൽ

Poem 3 : സ്പോഞ്ച്

പണ്ട്,
പുകച്ചുതള്ളിയാൽ
പുകഞ്ഞുപോകുമെന്ന്
പേടിപ്പെടുത്തിയത് കൊണ്ടാകാം
പുകമാറ്റിപിടിച്ച്
ഓയിലും പൊടിയ്ക്കുമൊക്കെ
trend ആയി മാറിയത് !!!



Shifana Hussain
1st year D.Pharm

കവിത 1: നിന്നോട് മാത്രം

പല്ലി ചിലച്ചതെല്ലാം സത്യമല്ലെന്നും
കണ്ണുകടിച്ചതെല്ലാം കരയാനല്ലെന്നും
ചിരിച്ചതെല്ലാം ഹാസ്യമല്ലെന്നും
കരഞ്ഞതെല്ലാം കണ്ണീര് കൊണ്ടല്ലെന്നും
നിന്നോട് മാത്രം....

കവിത 2: ഉപ്പുമാവ്

ഉപ്പും കണ്ടില്ല
മാവും കണ്ടില്ല
എങ്കിലും നിൻ പേര് ഉപ്പുമാവ്
കവിത 3: കുഴിവഴിയേ
പറയാനെടുത്ത വാക്ക്
കുഴിയിൽ വീണുപോയി വന്നവഴി
തിരിഞ്ഞു നോക്കുമ്പോൾ സംശയം
അവസാനം പെരുവഴി.

കവിത 4

ചിരിച്ചപ്പോഴോർത്തു ചതിക്കില്ലെന്ന്
പേടിയാണെനിക്കിന്ന് ചിരിക്കാൻ
കവിത 5: മരണം
നിലയ്ക്കാത്ത സംഭവങ്ങളുടെ
ഒടുങ്ങാത്ത പരമ്പര

കവിത 6: കുഷ്ഠായം

എനിക്കും പറ്റും
ഇട്ടാൽ കൊള്ളാം
ഇട്ടില്ലേൽ പോ.
എന്ന് ഒഷ്.

കവിത 7: രാജി

രാജിവെക്കണമെനിക്ക് ജീവിതത്തിൽ നിന്ന്
വിശാലമായ ആകാശം കാണാൻ
സ്വസ്തമായൊന്നിരിക്കാൻ
ശുദ്ധമായൊന്നു ശ്വസിക്കാൻ,
പിന്നെ, നിന്നോടൊന്ന് പ്രതികാരമെടുക്കാൻ.



Ansiya Asharaf
1st year D.Pharm

Beyond the Horizon



Most athletes burn incredibly bright for a fleeting second, etching their names in our memories before quietly fading into the archives. Then there is Lionel Messi. He hasn't just spent the last two decades redrawing the geometry of a football pitch; he has completely redefined what human longevity looks like in elite sports.

If you are standing at the starting line of a long journey—whether academic, professional, or personal—the summit can often look impossibly steep. The story of a kid from Rosario who pushed past daunting physical hurdles to conquer the globe isn't just about football. It is a masterclass in grit, evolution, and the relentless refusal to stop climbing.

From the Streets of Rosario to the Top of the World

To really grasp the weight of Messi's legacy, you have to look at where he started. Diagnosed with a growth hormone deficiency as a boy, his dream was almost derailed before it began by physical and financial limits. But that mesmerizing left foot of his was undeniable, earning him a gamble from FC Barcelona—a contract famously scribbled on a paper napkin.

He didn't just repay their faith; he effectively rewrote the club's DNA. Making his senior debut at just 17 in 2004, Messi brought a mix of balance, vision, and ruthless efficiency that left seasoned defenders looking foolish. During his peak physical years in Spain, his numbers were borderline mythical. Case in point: he shattered Gerd Müller's 39-year-old record by dropping an absurd 73 goals in a single European club season (2011-12).

"In a sport where careers are usually defined by their peaks, Messi's true greatness is his ability to keep climbing long after he reached the summit."

A Mountain of Unprecedented Achievements

If you tried to build a museum just to house his trophies, you'd probably need a new zip code. Throughout his career, Messi has casually racked up accolades that most pros wouldn't even dare to dream about:

A Record 8 Ballons d'Or: Proving he's been the best player in the world across entirely different eras of the game (2009-12, 2015, 2019, 2021, and 2023).

The Most Decorated Player in History: A mind-boggling 46 official trophies, spanning domestic leagues, Champions

Leagues, and international honors.
The Ultimate Playmaker: Holding the all-time record for the most official assists in football history (414).
A Goalscoring Phenomenon: Over 900 professional goals for club and country.
The Goosebump Moments: A Legacy Forged in Fire
What really seals Messi's GOAT status isn't just the sheer volume of his stats—it's the emotional weight of his defining moments. His story wasn't a fairy tale of easy, linear victories. It was forged in the fire of agonizing near-misses and the crushing pressure of an entire nation.

1. The Maracana Redemption (2021)

For years, the loudest criticism hanging over Messi's head was his lack of a major international trophy with Argentina. He lived through the heartbreak of losing three straight finals between 2014 and 2016. But in 2021, deep in the hostile territory of Brazil's iconic Maracanã stadium, he finally led his country to Copa América glory. The moment the final whistle blew, he collapsed to his knees. The sheer relief and unfiltered joy on his face instantly became one of the most emotional images in modern sports.

2. The Crowning Glory in Qatar (2022)

The 2022 FIFA World Cup Final against France will likely go down as the greatest football match ever played. At 35, when most players are winding down, Messi scored twice and coolly slotted away his penalty in the shootout. When he was finally draped in the ceremonial bisht and hoisted that 18-karat gold trophy into the Qatar night sky, the whole world exhaled. It felt like the universe finally handing the crown to its rightful king.

3. The 2026 Masterclass: Defying the Aging Process

Just when we all thought he had essentially "completed" football, the 2026 World Cup delivered a plot twist that completely defied logic. Celebrating his 39th birthday during the tournament, Messi didn't just show up for a nostalgic farewell tour—he absolutely dominated.
In a breathtaking display of sustained brilliance, he orchestrated a stunning hat-trick against Algeria and backed it up with two crucial goals against Austria. With those strikes, he shattered Miroslav Klose's long-standing record, becoming the outright highest goalscorer in FIFA World Cup history with 19 goals.
The Ultimate Blueprint for Success
As we've watched Messi gracefully morph from an explosive, lightning-fast winger into the masterful, visionary architect of the game we see today, the takeaway is crystal clear: true excellence requires constant evolution. Scoring over 350 goals since turning 30, he is living proof that adaptation and footballing IQ can easily outlast pure youth.
Lionel Messi's legacy is a towering testament to persistence. It shows us that no matter how many times you stumble at the final hurdle, if you have the resilience to reinvent yourself and just keep stepping onto the pitch, the possibility of creating magic never really fades



GOPINATH S
7th Sem B.Pharm

Tiny Wings, Endless Ripples

A flutter soft in morning air,
So small it seems it isn't there,
Yet somewhere far, beyond our sight,
It shifts the course of day and night.
A single choice, a step delayed,
A different path, a plan remade,
And suddenly the world feels new—
All shaped by something small and true.
No sound of thunder marks its start,
Just tiny changes, part by part,
Like whispered winds that slowly grow
Into the things we come to know.
A word, a glance, a moment kind,
Can leave a lasting trace behind,
For life is woven, thread by thread,
By quiet paths our actions tread.
So never doubt the smallest thing,
The change a gentle act can bring
For like a butterfly in flight,
Small wings can shape a future's light.



Devika Reji
7th Sem B.Pharm

UNFINISHED THOUGHTS

In the quiet between two heartbeats,

I built a home from unfinished thoughts.

The moon leaned low like a listening friend,

while the night stitched silver into my doubts.

I have seen flowers bloom in abandoned places,

seen rain teach broken windows how to sing.

Maybe that is what love truly is –

not perfection,

but light learning how to stay

inside fragile things.

And if someday the world forgets your name,

the wind will still remember your laughter,

carrying it softly through sleeping trees

like a secret too beautiful to lose.




Albin Senoy
2nd Sem B.Pharm

நினைவுகள் நிரைந்த பயணம்

கல்லூரி நாட்கள் நாங்கு வருடங்கள்
கற்று தந்த பாடங்கலும்
பெற்று தந்த இன்பங்களும்
மிகையாகி நிற்கிறது நினைவில்...!
காலை நேரம் தூக்கம் கலைந்தாலும்
கல்லூரி போவது தான் நினைவில் வரும்
புத்தகங்கள் கையில் இருந்துாலும்
நண்பர்கள் தான் மனதில் நிற்கும்
வகுப்பறை சுவர்களுக்குள் பாடம் நடந்துாலும்
சிரிப்புகள் தான் அதிகம் ஒலிக்கும்
ஆசிரியர் கேள்வி கேட்கும் நேரத்தில்
பயம் அல்ல பயம் தான் வரும்...
தேர்வு வந்தால் எல்லாரும் தீவிரம்,
ஆனால் கடைசி நாள் தான் படிப்பு ஆரம்பம்,
ஜெய்கணும் என்ற ஆசையில்
நண்பர்கள் எல்லாம் ஒன்றாக போராடும்
ஒவ்வொரு நாட்களும் ஏதேனும் ஒரு வகையில்
அர்த்தம் அடைந்தே நிறைவுற்றுது.
பெரும்பான நாட்களலை நட்பென்ற உணர்வை
தன்னுள் நிறையத்து கொண்டது...!
மனதிற்குள்ளேயே தேக்கம் கொண்ட
புத்தகப் பாடங்களை விட வாழ்க்கை
படங்களையே அதிகம் கற்பித்த
நாம் வாழ்ந்த கல்லூரி...!



Mahalakshmi M
7th Sem B.Pharm



മണ്ണ് നൽകിയ വിജയം

“ഇതാ നേരെ ***Madison Square Garden*** ലെ പ്രകമ്പനം കൊള്ളിച്ചു കൊണ്ട് knockouts കൊണ്ട് boxing ൽ പ്രശസ്തനായ ***Mike Tyson*** -നെ വളരെ നിഷ്പ്രയാസം തന്റെ വലതുകൈയിലെ ***Red gloves*** കൊണ്ട് ഒരു പഞ്ച് നൽകുന്ന നമ്മുടെ സ്വന്തം മലയാളി, അതെ നമ്മുടെ മലപ്പുറത്തുകാരൻ ബോണി, യെസ് ബോണി മാണി ഇതാ മുന്നോട്ട് കുതിക്കുന്നു. പിന്നിലേക്ക് ചാഞ്ഞു വീഴുന്നു ***Mike Tyson*** വിജയത്തിന്റെ കൊടുമുടിയിൽ എത്തിനിൽക്കുന്ന നമ്മുടെ ബോണി. അയ്യോ... പ്രതീക്ഷിക്കാതെ ലഭിച്ച ഹുക്കിൽ നിലത്തുവീണുപോകുന്നു ബോണി“

“എന്റെ ദൈവമേ ഇവൻ എന്തൊരു ഇടിയാ ഇടിച്ചത്“

“എടാ എഴുന്നേൽക്കടാ മണി 8 ആയി. ഞാനും ചേട്ടായിയും റെഡിയായി, ഞങ്ങൾ ഇറങ്ങുവാ, നീ ഇവിടെ കിടന്നോ. അച്ഛൻ വടി കൊണ്ട് ഉള്ള പ്രത്യേക വിളിക്ക് ഒരുങ്ങി നിൽകുവാ.“

ബോണിയെ ഇടിച്ചത് Mike Tyson അല്ല, അവന്റെ ചേച്ചി ***Bommy*** രാവിലെ എഴുന്നേൽക്കാൻ വൈകുന്നതിന് അവനിട്ട് ഒന്നു കൊടുത്തതാണ് അതും നല്ല ചുടാറാത്ത വാർത്തകൾ ഉള്ള പത്രംകൊണ്ട്. “എടി, ബോംബേ നിന്നോട് ഒരു ആയിരം തവണ പറഞ്ഞിട്ടുണ്ട് എന്റെ തലയ്ക്കിട്ട് ഇങ്ങനെ വന്ന് പൊട്ടിക്കരുത് എന്ന്, മനുഷ്യന്റെ തല ചതഞ്ഞുപേയിയെന്നാ തോന്നുന്നത്. ശോ, നല്ലൊരു സ്വപ്നം കണ്ടുവരുകയായിരുന്നു, അതും നീ നശിപ്പിച്ചു“

“ഓ പിന്നെ, ഒരിക്കലും നടക്കാത്ത, ***Mike Tyson*** നെ ഇടിച്ചു വീഴ്ത്തുന്നതല്ലേ നിന്റെ സ്വപ്നം“ “ശോ, ഇവളോട് സ്വപ്നത്തിന്റെ കാര്യം പറഞ്ഞ് ചൊറിയേണ്ടായിരുന്നു ഇപ്പൊ എനിക്കിട്ട് ഒന്നുപൊട്ടിച്ചതാണ് എന്റെ ചേച്ചി **Bomber** എന്ന Bommy. അവളുടെ സ്വഭാവത്തിന്റെ സവിശേഷതകൊണ്ട് ഞാൻ ഇട്ടതാണ് ***Bomber*** എന്ന പേര് എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കാം.

ഇതുകൂടാതെ കാലേവാരി നിലത്തടിച്ച് സ്നേഹം പ്രകടിപ്പിക്കുന്ന ഒരു ചേട്ടനും കൂടെ ഉണ്ട് എനിക്ക്. അതാണ് ബോബൻ. എന്തെന്നറിയില്ല അവനുമാത്രം ഇരട്ട പേരിടാനുള്ള ധൈര്യം എനിക്ക് വന്നില്ല. ഇവർ രണ്ടുപേരും മാത്രമല്ല എന്നെ വഴക്കുപറയാൻ വേണ്ടി മാത്രം വായതുറക്കുന്ന ഒരു അമ്മയും കൂട്ടത്തിൽ കുറച്ചുമാത്രം എനിക്ക് എന്നെക്കുറിച്ച് പ്രതീക്ഷ ഉള്ള ഒരു അച്ഛനും കൂടെ ഉണ്ട്. “മണി എട്ടര കഴിഞ്ഞു സ്കൂളിൽ പോകാൻ പദ്ധതി ഉണ്ടെങ്കിൽ ഒന്നു ഇറങ്ങിയാലും അതെങ്ങനയാ പഠിക്കണം എന്ന ആഗ്രഹം കൂടെ വേണ്ടെ ഉള്ളിൽ. അങ്ങനെ ഉള്ളവർ ഇപ്പോൾ സ്കൂളിൽ ചെന്നുകാണും“. ഈ ഡയലോഗ് കേൾക്കുമ്പോഴെ അറിയാം അതെന്റെ അമ്മയുടെ വകയാണ്. എന്നിട്ടും എഴുന്നേറ്റപ്പോൾ തൊട്ട് എന്തൊരു കുറവ്. “നീ ഇപ്പോൾ സ്കൂളിൽ പോകുന്നോ, അതോ പറമ്പിലേക്ക് ഇറങ്ങുന്നോ“ ഇത് കേൾക്കേണ്ട താമസം എന്റെ ഉള്ളിലെ ആത്മാവ് പോലും ഇറങ്ങി ഓടി കാരണം പറമ്പ് എന്ന് കേൾക്കുമ്പോൾ ഒരു ഇരുണ്ട കാർമേഘം കയറുന്നത് പോലെയാണ്. കാരണം എന്റെ ചേട്ടനെയും ചേച്ചിയെയും ഇന്നേവരെ പറമ്പിലേക്ക് അച്ഛൻ വരുന്നോ എന്നുപോലും ചോദിച്ചട്ടില്ല, പക്ഷെ എന്നോട് മാത്രം എന്നും അച്ഛൻ ചോദിക്കും. അതുകൊണ്ടു തന്നെ പഠിപ്പിസ്റ്റായ ചേട്ടന്റെയും ചേച്ചിയുടെയും എനിക്ക് എതിരെ ഉള്ള പ്രധാന ആയുധം കൂടെയാണ് ഇത്. ഞാൻ പഠനത്തിൽ നല്ലപോലെ പിറകിലോട്ടാണ്. എന്തോ എന്നെക്കൊണ്ട് അത് പറ്റുന്നില്ല ശ്രമിക്കാറുണ്ട് ഒരുപാട് എന്നിട്ടും. ഞാൻ ജീവിതത്തിൽ ആസ്വദിച്ച രണ്ടു കാര്യങ്ങളെ ഉള്ളൂ. ഒന്ന് സ്കൂളിലേക്ക് ഉള്ള ഉറ്റ സുഹൃത്തു ദാസപ്പന്റെ കൂടെയുള്ള യാത്രയും തിരിച്ച് വീട്ടിലേക്ക് ഉള്ള യാത്രയും. രണ്ടാമത്തേത് അമ്മയുടെ നല്ല വാഴയിലയിൽ പൊതിഞ്ഞ ചോറ്. ആ പൊതിച്ചോറിന് ഒരു മണമുണ്ട്, ഇതാണ് മോനേ സ്വർഗ്ഗം. അന്നത്തെയും ഇന്നത്തെയും എന്റെ സന്തത സഹചാരിയാണ് ദാസപ്പൻ അവനെ എല്ലാവരും സഹചാരി എന്നാ വിളിക്കുക. എന്റെ ഇപ്പോഴത്തെ സംശയം വേറൊന്നുമല്ല, ഭൂമി എന്തുവേഗത്തിലാണ് കറങ്ങുന്നതെന്ന്. കാരണം, 7ാം ക്ലാസ്സിൽ നിന്ന് 10ാം ക്ലാസ്സിലേക്ക് എത്തിയത് എന്തു വേഗത്തിലായിരുന്നു. അവിടനിന്ന് ഇവിടം വരെയും. എന്റെയും ദാസപ്പന്റെയും പഠനജീവിതത്തിന് 10ാം ക്ലാസ്സ് കൊണ്ട് വിരാമം ഇട്ടു. തുടർന്ന് വീട്ടുകാരുടെയും നാട്ടുകാരുടെയും ചോദ്യത്തിന് മറുപടിയായി എന്തെങ്കിലും പറയണമെന്ന കാരണത്താൽ ഞാനും ദാസപ്പനും പല പണികൾക്കും പോകാൻ തുടങ്ങി. പക്ഷെ ഒന്നും ശരിയായില്ല. അപ്പോഴേക്കും അച്ഛൻ എന്നെ കൃഷിപണിയിലേക്ക് ക്ഷണിക്കുന്നുണ്ടായിരുന്നു. വീട്ടിൽ ഏറ്റവും കൂടുതൽ ഞാൻ ബുദ്ധിമുട്ടിയത് വേറൊന്നുമല്ല, ചേട്ടനും ചേച്ചിയ്ക്കും ജോലികിട്ടിയതാണ്. ചേട്ടൻ ടീച്ചറായിട്ട് തിരുവനന്തപുരത്തും, ചേച്ചി ഡോക്ടറായിട്ട് ഡൽഹിയിലും. രണ്ടുപേർക്കും ജോലികിട്ടിയപ്പോൾ മുതൽ അമ്മയും ഉപദേശിക്കുക എന്നുമാത്രം ഉദ്യേശത്തോടെ വീട്ടിലേക്ക് വരുന്ന ബന്ധുക്കൾക്കും അതൊരു വലിയ പിടി വള്ളിയായി. അപ്പോഴും അച്ഛന് എന്നിൽ പ്രതീക്ഷകൾ ഏറെയായിരുന്നു. അവരുടെ മുൻപിൽ നിന്ന് എന്നെ രക്ഷിച്ചിരുന്നത് മുഴുവൻ



അച്ഛൻ ആയിരുന്നു. കഴിഞ്ഞ വർഷം മാർച്ചിൽ അച്ഛൻ എന്നോട് യാത്രപറഞ്ഞുപോയപ്പോൾ എന്റെ ജീവിതത്തിലെ ഉദയസൂര്യനാണ് അസ്തമിച്ചുപോയത്. ചേട്ടന്റെ കല്യാണം പ്രൗഢഗംഭീരമായി നടന്നു. അതുപോലെ ചേച്ചിയുടെ കല്യാണവും, അന്ന് അവർക്ക് വളരെ സന്തോഷം നിറഞ്ഞ ദിവസമായിരുന്നു പക്ഷെ എനിക്ക് വളരെ ദുഖം നിറഞ്ഞതും. അന്ന് എല്ലാവരും എന്നെ കളിയാക്കി എന്തിന് എന്റെ അമ്മ പോലും. ചേച്ചിയുടെ കല്യാണം കഴിഞ്ഞതൊടെ ചേട്ടൻ അമ്മയെ കൂട്ടിക്കൊണ്ട് പോയി. അന്നുമുതൽ ഞാൻ ഒറ്റയ്ക്ക് വീട്ടിലായി. രണ്ടാഴ്ച്ചത്തോളം എന്റെ ഉള്ളിൽ വിഷമങ്ങളുടെ ഒരു തിരമാല തന്നെയായിരുന്നു. ഒരുദിവസം വൈകുന്നേരം ഉമ്മറപ്പടിയിൽ ഇട്ടിരുന്ന അച്ഛന്റെ ചാരുകസേരയിൽ ഇരുന്ന് പുറത്തേക്ക് നോക്കിയപ്പോഴാണ് അച്ഛൻ ജീവനുതുല്യം സ്നേഹിച്ചിരുന്ന പറമ്പ് എന്റെ കണ്ണിലുടക്കിയത്. അപ്പോൾ ഞാൻ തീരുമാനിച്ചു നാളെ ദാസപ്പനെയും കൂട്ടി പറമ്പ് ഒന്ന് റെഡിയാക്കണം എന്ന്. പിറ്റേന്ന് രാവിലെതന്നെ ഞങ്ങൾ രണ്ടാളും പണികൾ ആരംഭിച്ചു. ഒരാഴ്ച്ചകൊണ്ട് പറമ്പ് തെളിച്ചെടുത്തു. അന്നുമുതൽ ജീവിതത്തിൽ ഉണ്ടായ മാറ്റങ്ങൾ പലതായിരുന്നു. ഭൂമിയ്ക്കും മനുഷ്യർക്കും ഭാരമാണ് ഞങ്ങൾ എന്നു പറഞ്ഞവർ അന്ന് മുതൽ ഞങ്ങളെ കുറിച്ച് അഭിമാനത്തോടെ സംസാരിക്കാൻ തുടങ്ങി. ഞങ്ങളെക്കാണുമ്പോൾ പുച്ഛിച്ചുതള്ളുന്നവർ ഇന്ന് ഞങ്ങളെ നോക്കി പുഞ്ചിരിക്കാൻ തുടങ്ങി. അങ്ങനെ എന്റെ ഉള്ളിൽ സന്തോഷത്തിന്റെ തിരകൾ ആഞ്ഞുവീശിതുടങ്ങി. വൈകുന്നേരമായപ്പോൾ ഉമ്മറത്തെ ചാരുകസേരയിൽ ഇരുന്ന് ഞാൻ പറമ്പിലേക്ക് ഒന്നു നോക്കി, അപ്പോൾ എന്റെ മനസ്സിലേക്ക് ഒരുപാട് ചോദ്യങ്ങൾ കടന്നുകയറി. 'എന്തുകൊണ്ട് ഇന്നത്തെ തലമുറ ഈ മണ്ണിൽ നിന്ന് അകലേക്ക് പറന്നു അകലുന്നു? എന്തിന് ഈ മണ്ണിൽ ഒന്നു ചെരുപ്പില്ലാതെ ഇറങ്ങി നടക്കാൻപോലും തയ്യാറാകുന്നില്ല' കഴിഞ്ഞ മാസം ചേട്ടന്റെ കുട്ടികൾ നാട്ടിൽ വന്നപ്പോൾ, അവർ മണ്ണുകൊണ്ട് മണ്ണപ്പം ഉണ്ടാക്കി കളിച്ചതിന് ഏട്ടത്തി അമ്മ അവരെ വഴക്കുപറഞ്ഞത് ഞാനോർത്തു. സമൂഹത്തിലും കുടുംബത്തിലും ഒരുവിലയുമില്ലായിരുന്ന എന്നെ അവരുടെ മുൻപിൽ തലയുയർത്തി നിർത്തിയത് ഈ മണ്ണുതന്നെയാണ്. എന്തിന് ഈ കുഞ്ഞുങ്ങളെ മണ്ണിൽ നിന്ന് അകറ്റുന്നു. അപ്പോഴും 'എന്റെ ഉള്ളിൽ ഒരു വലിയ സങ്കടം നിലനിൽക്കുന്നു...

ഈ മണ്ണിൽ നിന്ന് അകന്നു
പോകുന്നവർ,
എത്ര ഉയരങ്ങളിൽ എത്തിയാലും
അവസാനം തിരികെ എത്തുന്നത് ഈ
മണ്ണിലേക്ക് തന്നെ'



Alenta Sebastian.
2nd Sem B.Pharm

വിദ്യാലയമേ ഉണരൂ

ആളില്ലനക്കമില്ലെങ്ങുമെങ്ങും
അക്ഷരച്ചൊല്ലുകൾ കേൾക്കാനില്ല
ഗുരുക്കൻമാരാരെയും കാണാനില്ല
പ്രിയ തോഴരാരെയും കാണാനില്ല
എന്നെ ഞാനാക്കിയ വിദ്യാലയം
എന്നുടെ ഭവനമിത് എന്നിനി പൂർവ്വസ്ഥിതിയിലാകും
ചിന്തിച്ചു നിന്നു ഞാനൽപ്പനേരം
ആദ്യമായീ ദിവ്യമുറ്റത്ത് ഞാൻ
കണ്ണീർ പൊഴിച്ചു കൊണ്ടെത്തിയപ്പോൾ
ചേർത്തു പിടിച്ചെന്നെ ആശ്ലേഷിച്ചു
ഗുരുക്കൻമാർക്കേകുന്നു വന്ദനങ്ങൾ
'അ' എന്നൊരക്ഷരം എന്റെ ചുണ്ടിൽ
തത്തികളിച്ചതീ മണ്ണിൽ നിന്ന്
എൻ വിരൽത്തൂലിക ചലിപ്പിച്ചു ഞാൻ
എഴുതാൻ തുടങ്ങിയീ മണ്ണിൽ നിന്ന്
പഠിച്ചും കളിച്ചും ചിരിച്ചും രസിച്ചും
പൊതിച്ചോറു പങ്കുവച്ചുണ്ടതും
പുസ്തകസഞ്ചി തൻ ഭാരവും പേറി
എന്നിവിടെത്തുമെന്നറിയുന്നില്ല
ഗുരുവിന്റെ വദനത്തിൽ നിന്നു ഞാൻ
കേട്ടൊരു സദ്ഗുപദേശങ്ങൾ നഷ്ടമായി
ആ തിരുകൈകളിൽ നിന്നു ലഭിച്ചൊ
രനുഗ്രഹമാരികൾ നഷ്ടമായി
പുസ്തകത്താളുകൾ മറിക്കാൻ കൊതിക്കുന്നു
അവയിലാണറിവിന്റെ നിധിയുള്ളത്
നിധി വാരിയെടുത്തു പുണരുവാൻ
ഈ മണ്ണിലെത്തണമെനിക്കുവേഗം
അമ്മതന്നോരത്തു കേണുകൊണ്ട്
തിരശീലയ്ക്കു പുറകിലായ് നിന്ന നേരം
വാരിയെടുത്തെന്നെ വേദിയിൽ നിർത്തിയ
ആ പ്രിയ ഗുരുവിനെ ഓർക്കുന്നു ഞാൻ
എന്നിലെ കലകളെ ആദ്യമായ്
അറിഞ്ഞതാ നിമിഷത്തിലാം
എത്ര വളർന്നാലും ആ ധന്യ നിമിഷം
മായാതെ നിൽക്കുമെന്നോർമ്മച്ചെപ്പിൽ
പ്രാർത്ഥിക്കാൻ പഠിച്ചതീ മണ്ണിൽ നിന്ന്
ക്ഷമിക്കാൻ പഠിച്ചതീ മണ്ണിൽ നിന്ന്
അപരന്റെ വേദനകൾ കണ്ടുകൊണ്ടെ
ന്നുള്ളം തേങ്ങാൻ പഠിച്ചതീ മണ്ണിൽ നിന്ന്
ചേർത്തുപിടിച്ചൊരാ ഗുരുഭൂതരെ
ഓർക്കുന്നു ഏകുന്നു വന്ദനങ്ങൾ
ആ മണിനാദങ്ങൾ കേൾക്കാൻ കൊതിക്കുന്നു
ആ നല്ല വസ്ത്രങ്ങൾ അണിയാൻ കൊതിക്കുന്നു
മഴയത്ത് കുട ചൂടി ഈ മണി മുറ്റത്തെൻ
തോഴനോടൊപ്പം നടക്കാൻ കൊതിക്കുന്നു
ആടണം പന്തുകളിക്കണം
കവിതയും കഥയും രചിക്കാൻ കഴിയണം
മത്സരവേദികൾക്കുണരാൻ കഴിയണം
പതക്കങ്ങൾ മാറിൽ അണിയാൻ കഴിയണം
മാതൃവിദ്യാലയമേ നമിക്കുന്നു ഞാൻ
സ്നേഹാശ്രുപൊഴിക്കുന്നീ കണ്ണുകളും
വേഗത്തിലിവയെല്ലാം മാറിടട്ടെ
ചിരിപ്പൂക്കൾ വിടരട്ടെ വീണ്ടുമിവിടെ



Abel Varghese
1st year D.Pharm

ചിലങ്ക



കാലമിന്നേതു നശ്വര പ്രേമത്തിൻ ജലപ്രവാഹമെൻ മിഴികളിൽ നിറച്ചാലും, ഏറ്റവുമൊടുവിൽ നീയാം സാഗരത്തിൻ മടിത്തട്ടിലാണെന്നുമെൻ അഭയം.... ഏതഹിതമാം ദുഖത്തിൻ കടാരയെന്നിൽ ആഴ്ന്നിറങ്ങിയാലും നിലയ്ക്കാത്തൊരു ഹൃദയമെന്നുള്ളിൽ രൂപകതാളത്തിൽ മിടിക്കാറുണ്ടെന്നും നിനോളം നിസ്വാർത്ഥമായി ചേർന്നുനിൽക്കിലിനിയാരുമെന്നിൽ പ്രാണവായുവിൻ സംഗീതം പോലും എനിക്കേകിയവനേ നിന്നിലും നല്ലൊരു പതിയെനിക്കിലിന്നീ ഭൂവിൽ എന്നിലെ ജീവൻ പോലും പകുത്തുനൽകാൻ.....


താളമേകി കൂട്ടുകൂടിയതൊക്കെയും എന്റെ നൃത്തത്തോടു മാത്രമായിരുന്നുവോ??? അല്ല.....ജീവിതം....

ഒരു ജീവിതമാകെ നീ നിൻ നാദത്താൽ മൂടിയിരിക്കുന്നു....

എന്റെ കാലുകൾക്കെന്നും നീ വെറുമൊരും ആഹാര്യമല്ല....

വർണിക്കാൻ കഴിയാത്ത വിധം ഏകാന്തതയേക്കാൾ ആത്മനിർവൃതി നൽകുന്ന എന്തോ.... ചിലങ്ക...!!!

Archa B.M
4th Sem B.Pharm






Shafana P.S
7th Sem BPharm



Gowri A Gopinadh
2nd Sem B.Pharm







Nishana Najeeb
4th Sem B.Pharm





Milu Jomy
2nd Sem B.Pharm



Krishnapriya biju
2nd Sem B.Pharm







Amritha Saji
2nd Sem B.Pharm






Devapriya E. S
1st Year D.Pharm




Vyshnavi .R
1st Year D.Pharm








Vishnupriya P. S
1st Year D.Pharm





Abhinaya K
7th Sem B.Pharm





Arifa K S
7th Sem B.Pharm

GLOBAL STANDARD
DOORS & WINDOWS



HAWAII™
DOORS & WINDOWS

+91 9037974801 | +91 9037974802

Vellayamkudi Road, Near KSRTC Depot,
Kattappana, Kerala

Spice Shuttle®

Ajeesh Thomas
Manager - Procurement
+91 9442999030

+91 9447716213
mail.sscpl@spiceshuttle.net
Spice Shuttle Condiments Pvt. Ltd.,
Kattappana P.O, Idukki District,
Kerala-685508, IN
www.spiceshuttle.net

INDIAN GREEN CARDAMOM | BLACK PEPPER



